(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ കരാർ ഒരു വർഷത്തിൽ നിന്നും 5 വർഷമായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി തൊഴിലാളികളുടെ ജോലി സമയം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ തൊഴിൽ സമയം രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂറായി ക്രമീകരിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തിയിട്ടില്ല.

പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന

32 (3234) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയ്ക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട സഹായം ഇനിയും ലഭിക്കാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോജനയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തണമായിരുന്നു; പ്രസ്തുത തുക വകയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ എന്ത് തുക കുടിശ്ശിക ആയിട്ടുണ്ട്; ആയതു വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിക്കായി നിലവിലെ 56 കോടി രൂപ അലോക്കേഷനിൽനിന്നും കേന്ദ്ര സർക്കാർ 54 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ.-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ടെണ്ടർ പ്രീമിയം, മെയിന്റനൻസ് തുടങ്ങിയവയ്ക്കുള്ള വിഹിതം സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ഇനത്തിൽ സംസ്ഥാന സർക്കാർ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 79.44 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിക്ക് 108 കോടി രൂപ നൽകുവാനുള്ള ബാങ്ക് ആതറൈസേഷൻ കൂടിശ്ശികയായി നിലവിലുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷ്യമേള

33 (3235) ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗൾഫ് നാടുകളിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യമേള സംഘടിപ്പിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അത് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യമേള സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ ലഭ്യമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ 2015 ഏപ്രിൽ 9 മുതൽ 18 വരെ മലയാള മനോരമ ഗൾഫ് കേരള ഫെസ്റ്റ് 2015 എന്ന പേരിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നു. 2015 ഏപ്രിൽ 9 മുതൽ 12 വരെ അബുദാബിയിലും 16 മുതൽ 18 വരെ ദുബായിലുമായിരുന്നു സംഘടിപ്പിച്ചത്.